# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 709 — 28.02.2017- ൽ മറുപടിയ്ക്ക്

### സഹകരണ ബാങ്കുകൾക്ക് ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>" മോൻസ് ജോസഫ്<br>" സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും, ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു ഏകീകൃത സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി IFTAS (Indian Financial Technology and Allied Services) മായി ചർച്ച നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.<br>ഏകീകൃത സോഫ്റ്റ് വെയറിലേക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാർ കൺവീനറായി 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) ഇപ്രകാരം സംവിധാനം ഏർപ്പെടുത്തുക വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുമെന്നും കോർബാങ്കിംഗ് സംവിധാനം പ്രാവർത്തികമാക്കാൻ സാധിക്കുമോ എന്നും വ്യക്തമാക്കുമോ; | (ബി) ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുക വഴി കോർബാങ്കിംഗ് സംവിധാനം പ്രാവർത്തികമാക്കാൻ സാധിക്കും. കോർബാങ്കിംഗ് ഏർപ്പെടുത്തുക വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ താഴെപ്പറയുന്ന ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും<br>● എല്ലാ സഹകരണ ബാങ്കുകൾക്കും അവരുടെ ഇടപാടുകാർക്ക് ഒരേ |

തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കും

- ബാങ്കുകൾക്കും നബാർഡ്, ആർ.ബി.ഐ, സഹകരണ സംഘം രജിസ്ട്രാർ തുടങ്ങിയ മോണിറ്ററിംഗ് ഏജൻസികൾക്കും ആവശ്യമായ റിപ്പോർട്ടുകൾ ഇത്തരം സോഫ്റ്റ് വെയർ വഴി വേഗത്തിൽ ലഭ്യമാകും.
- സോഫ്റ്റ് വെയറിന്റെ സെക്യൂരിറ്റി സംവിധാനം ശക്തമായിരിക്കുന്നതിനാൽ ഡാറ്റയിൽ അനാവശ്യമായ മാറ്റങ്ങൾ വരുത്താൻ സാധിക്കില്ല. ബാങ്കിന്റെ ഇടപാടുകളെ സംബന്ധിച്ച് കൃത്യത ഉണ്ടാകും.
- ബാങ്കുകളുടെ സോഫ്റ്റ് വെയർ കമ്പ്യൂട്ടർവൽക്കരണ ചെലവ് ഗണ്യമായി കുറയും.
- എല്ലാ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തിന് ഏകോപനമുണ്ടാകും.

സി) സഹകരണ ബാങ്കിംഗ് മേഖലയിൽ പ്രസ്തുത സംവിധാനം ഉടനടി ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ ബാങ്കിംഗ് മേഖലയിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

ഡി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള സോഫ്റ്റ് വെയറുകൾ ഏത് ഏജൻസിയാണ് തയ്യാറാക്കിയിട്ടുള്ളത്; പുതിയ സോഫ്റ്റ് വെയറിന്റെ നിർമ്മാണം ഏത് ഏജൻസിയെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(ഡി) സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും നിലവിലുള്ള സോഫ്റ്റ് വെയറുകൾ തയ്യാറാക്കിയിട്ടുള്ള ഏജൻസികളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.

പുതിയ സോഫ്റ്റ് വെയറിന്റെ നിർമ്മാണം ഏത് ഏജൻസിയെ ചുമതലപ്പെടുത്തണം എന്നത് സംബന്ധിച്ചുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| | |
|---|---|
| സംസ്ഥാന സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| കോട്ടയം ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| വയനാട് ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | - വിപ്രോ, ഇൻഫോസിസ് |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | - ഇൻഫോസിസ് (കാപക്സ് മോഡൽ) |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | - ഡാറ്റാമേറ്റ് |
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | - ഡാറ്റാമേറ്റ് |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | - സി-എഡ്ജ് |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | - വീർമതി |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | - പോളാരിസ് |